# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്കിംഗ് സംവിധാനം</u>

6167 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്കിംഗ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സംവിധാനത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഈ സംവിധാനത്തിനുവേണ്ടി വിനിയോഗിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

**ഡിജിറ്റൽ മൊബൈൽ ട്രാഫിക് എഡ്യുക്കേഷൻ പാർക്കുകൾ**

6168 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ മൊബൈൽ ട്രാഫിക് എഡ്യുക്കേഷൻ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവ ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) മറ്റു ജില്ലകളിലേയ്ക്കും ഇവ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

**തിവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ**

6169 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, കെ. കെ. നാരായണൻ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസന്വേഷണങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ടോ;

(ബി) ഇവയിൽ ഏതെല്ലാം കേസുകളുടെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിയ്ക്ക് വിട്ടുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്; കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്താണെന്നറിയാമോ; ദേശീയ ഏജൻസി കേസന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന പോലീസ് അന്വേഷണത്തിലിരിക്കുന്ന കേസുകളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ; ഈ കേസുകളിൽ അറസ്റ്റു ചെയ്യാൻ അവശേഷിക്കുന്നവരെത്ര?

## കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>തണ്ടർ ബോൾട്ട് സേനാവിഭാഗം</u>

6170 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണ്ടർ ബോൾട്ട് സേനാവിഭാഗം നിലവിൽ വന്നതെന്നാണ്; ഈ വിഭാഗത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) ഈ സേനാവിഭാഗം നടത്തി വിജയിച്ച പ്രധാനപ്പെട്ട ഓപ്പറേഷൻസ് ഏതെല്ലാമാണ്;

(സി) ഈ വിഭാഗക്കാരെ പിരിച്ചുവിടാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സൈബർ സെല്ലുകളുടെ പ്രവർത്തനം</u>

6171 ശ്രീ. കെ. മുരളീധരൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സൈബർ സെല്ലുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാന ജില്ലാ തലത്തിൽ ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി ഏതെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സൈബർ വിംഗിന്റെ പ്രവർത്തനം</u>

6172 ശ്രീ. പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ വിംഗ് പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സൈബർ വിംഗിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാന, ജില്ലാ തലത്തിൽ ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി എടുക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

വനിതാ പോലിസുകാർക്ക് കൂടുതൽ പ്രാധാന്യം

6173 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. റ്റി. എ. റഹീം
ശ്രീമതി പി. അയിഷാ പോറ്റി
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസന്വേഷണത്തിലും ക്രമസമാധാന പരിപാലനത്തിനും വനിതാ പോലീസുകാർക്ക് കൂടുതൽ പ്രാധാന്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) പോലീസ് സേനയിലെ വനിതകളുടെ പ്രവർത്തനമികവിനെ സംബന്ധിച്ച നിരീക്ഷണം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ</u>

6174

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും ചുമതലകളും എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ എപ്രകാരമാണ് നിർവ്വഹിക്കേണ്ടതെന്ന് വ്യക്തമാക്കുന്ന എന്തെങ്കിലും നിയമം / സർക്കുലർ പ്രാബല്യത്തിലുണ്ടോ; വിശദമാക്കുമോ;

(സി) പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിന്റെ പ്രവർത്തന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങൾ തടയുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം</u>

6175 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

രാത്രികാല ഡ്യൂട്ടി പോലീസുകാർക്ക് നേരെയുണ്ടാകുന്ന ഗുണ്ടാ അക്രമങ്ങൾ

6176 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രികാല ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന പോലീസുകാർ ഗുണ്ടാ ആക്രമണത്തിന് ഇരയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ആക്രമണങ്ങൾ നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കേസുകളുടെ എണ്ണം കണക്കാക്കി പോലീസ് സ്റ്റേഷനുകളുടെ താരതമ്യപഠനം</u>

6177 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കുറവ് കേസ്സുകൾ രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ ഏതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷൻ ഏതാണ്;

(സി) ഇത്തരത്തിലുള്ള രണ്ട് സ്റ്റേഷനുകൾ തമ്മിൽ എന്തെങ്കിലും താരതമ്യപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

<u>സാമുദായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ</u>

6178 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' ജി. സുധാകരൻ
'' എളമരം കരീം
'' എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമുദായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ചില സംഘടനകൾ പരസ്യമായി വർഗ്ഗീയ നിലപാട് സ്വീകരിച്ചുവരുന്നതും ചിലർ തീവ്രവാദപരമായി പ്രവർത്തിച്ചുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഘടനകളുടെ പ്രവർത്തനവും സമ്മർദ്ദങ്ങളും മതസൗഹാർദ്ദത്തിനും ക്രമസമാധാന പരിപാലനത്തിനും ഹാനികരമാവുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരക്കാർക്കെതിരെ കരുതൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>കിനാലൂർ സമരവുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

6179 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കിനാലൂർ സമരവുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസ്സുകൾ എടുത്തിരുന്നു എന്നും ഏതൊക്കെ വകുപ്പുപ്രകാരം എത്ര പേർക്കെതിരെ ആയിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) ആരായിരുന്നു സമരത്തിന് നേതൃത്വം കൊടുത്തത് ;

(സി) തീവ്രവാദ സ്വഭാവമുള്ള ഏതെങ്കിലും സംഘടനകളോ വ്യക്തികളോ സമരവുമായി ബന്ധപ്പെട്ടിരുന്നുവെന്ന് ആരോപണമുണ്ടായിരുന്നോ ;

(ഡി) സമരവുമായി ബന്ധപ്പെട്ട് എന്തൊക്കെ അക്രമസംഭവങ്ങൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഉയർന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെ എത്ര പോലീസുകാർക്ക് ഈ സമരവുമായി ബന്ധപ്പെട്ട അക്രമസംഭവത്തിൽ പരിക്കുപറ്റിയെന്നും ആർക്കൊക്കെ എന്തൊക്കെ പരിക്കാണ് പറ്റിയതെന്നും വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) ഈ കേസ്സുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ആരെങ്കിലും നിവേദനം നൽകിയിരുന്നോ ; ഉണ്ടെങ്കിൽ അത് ആരാണെന്ന് വ്യക്തമാക്കുമോ ;

(ജി) ഇതനുസരിച്ച് എത്ര കേസ്സുകൾ പിൻവലിച്ചു; വിശദമായ അന്വേഷണം നടത്തിയതിനുശേഷമാണോ കേസ്സുകൾ പിൻവലിച്ചത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>നിരോധിത പുകയില ഉല്പന്നങ്ങളുടെ വില്പന</u>

6180

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരോധിത പുകയില ഉല്പന്നങ്ങൾ വ്യാപകമായി വില്പന നടത്തുന്നവർക്കെതിരെ പോലീസ് ആവശ്യമായ നടപടി സ്വീകരിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരോധിത പുകയില ഉല്പന്നങ്ങളുടെ വില്പനയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ പോലീസ് ചാർജ്ജ് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരം ഉല്പന്നങ്ങളുടെ വില്പന തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പൊതുപ്രവർത്തകർക്കെതിരായ പിൻവലിച്ച കേസ്സുകൾ</u>

6181 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ജനപ്രതിനിധികളും മന്ത്രിമാരും അടക്കമുളള പൊതുപ്രവർത്തകർക്കെതിരായ എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) ഇങ്ങനെ പിൻവലിച്ച ഓരോ കേസ്സിലും പ്രതിഭാഗത്തുളളവർ ആരാണെന്നും കേസ്സ് എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പ്രകടനങ്ങൾ പൊതുയോഗങ്ങൾ പ്രസംഗങ്ങൾ എന്നിവ നടത്തിയതിന് രജിസ്റ്റർ ചെയ്ത കേസുകൾ</u>

6182 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് പ്രകടനങ്ങൾ, പൊതുയോഗങ്ങൾ, പ്രസംഗങ്ങൾ എന്നിവ നടത്തിയതിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഓരോന്നും വേർതിരിച്ച് ജില്ലതിരിച്ചു കണക്ക് വെളിപ്പെടുത്താമോ;

(ബി) സർക്കാരിന്റെ തെറ്റായ നയങ്ങളിൽ പ്രതിഷേധിച്ച് മാർച്ച് നടത്തിയ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് മാർച്ചുകൾ</u>

6183 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2013 മെയ് 31-ാം തീയതി വരെ എത്ര സംഘടനകൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി ;

(ബി) ഓരോ മാർച്ചും എന്ത് ആവശ്യം ഉന്നയിച്ചായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം മാർച്ചിന് നേരെ ജലപീരങ്കി പ്രയോഗം നടത്തി; അതിൽ എത്രപേർക്ക് പരിക്ക് പറ്റി; ആർക്കെല്ലാമാണ് പരിക്ക് പറ്റിയത്;

(ഡി) എത്ര മാർച്ചുകൾക്ക് നേരെ കണ്ണീർ വാതകം പ്രയോഗിച്ചു; എത്രപേർക്ക് പരിക്ക് പറ്റി; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>ക്രിമിനല്‍ കുറ്റങ്ങളില്‍ ഏര്‍പ്പെട്ടതിന്റെ പേരില്‍ നടപടി എടുക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥര്‍</u>

6184 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ക്രിമിനല്‍ കുറ്റങ്ങളില്‍ ഏര്‍പ്പെട്ടതിന്റെ പേരില്‍ നടപടി എടുക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേര്, എടുത്ത നടപടി, ഏതൊക്കെ വകുപ്പുകളനുസരിച്ചുളള കുറ്റങ്ങള്‍, സസ്പെന്‍ഷന്‍/ഡിസ്മിസ്സല്‍ നടത്തിയ തീയതി, തിരികെ സര്‍വ്വീസില്‍ വന്നിട്ടുണ്ടെങ്കില്‍ തീയതി, തിരികെ സര്‍വ്വീസില്‍ പ്രവേശിപ്പിച്ചതിന്റെ കാരണം, കേസിന്റെ ഇപ്പോഴത്തെ അവസ്ഥ, വാദി കക്ഷി എന്നിവ സഹിതം വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>ഗുണ്ടാ ആക്ട് പ്രകാരം അറസ്റ്റിലായവർ</u>

6185 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുണ്ടാ ആക്ട് പ്രകാരം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇപ്രകാരം അറസ്റ്റു ചെയ്ത എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ആക്ട് പ്രകാരം അറസ്റ്റിലായ എത്ര പേർ ഇപ്പോൾ പോലീസ് കസ്റ്റഡിയിലുണ്ട് ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് അസോസിയേഷൻ നേതാക്കൾക്കെതിരെയുള്ള പരാതികൾ</u>

6186 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർതട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് അസോസിയേഷൻ നേതാക്കൾക്കെതിരെയുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് നേതാക്കൾക്കെതിരെ എന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ പോലീസ് സ്റ്റേഷനുകളിലും സോളാർ പാനൽ വയ്ക്കുന്നതിനുള്ള പ്രമേയം പോലീസ് അസോസിയേഷൻ യോഗത്തിൽ എത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) സോളാർ പാനൽ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് പഠനം നടത്താൻ നിർദ്ദേശിച്ച ഉദ്യോഗസ്ഥർ ആരെല്ലാം; പഠനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) പോലീസ് അസോസിയേഷൻ സമ്മേളനത്തിന് ആകെ എന്തു തുക ചെലവായി; പരസ്യയിനത്തിൽ എത്ര; പോലീസ് സേനാംഗങ്ങളുടെ പിരിവിനത്തിൽ എത്ര; സോളാർ കേസ്സ് പ്രതികളിൽ നിന്നും എന്തു തുക ലഭിച്ചു; അന്വേഷിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പോലീസ് അസോസിയേഷൻ നേതാക്കളിൽ ഡ്യൂട്ടി ചെയ്യാതെ ശമ്പളം പറ്റാൻ നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ആരെങ്കിലുമുണ്ടോ;

(എഫ്) പോലീസ് അസോസിയേഷൻ പരസ്യത്തിന്റെ പേരിലും അല്ലാതെയും ഏതെല്ലാം ബാർഹോട്ടലുകളിൽ നിന്നും പണം പറ്റിയിട്ടുണ്ട്; അന്വേഷിക്കുമോ:വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിന്റെ അന്വേഷണ പുരോഗതി</u>

6187 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസിന്റെ അന്വേഷണ ചുമതല ഏറ്റെടുത്തതിനു ശേഷം അന്വേഷണ സംഘത്തിലെ ഓരോരുത്തരും മുഖ്യമന്ത്രിയേയും ആഭ്യന്തര വകുപ്പുമന്ത്രിയേയും അവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളേയും ഏതെല്ലാം ദിവസങ്ങളിൽ എത്ര തവണ നേരിലോ ഫോണിലോ ബന്ധപ്പെടുകയുണ്ടായി;

(ബി) അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ഓഫീസുകളും വീടുകളും റെയ്ഡ് ചെയ്യുകയുണ്ടായി; ആരുടെയെല്ലാം ഫോൺ നമ്പർ വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടവർ ആരൊക്കെ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

സാമ്പത്തിക തട്ടിപ്പു കേസുകൾ

6188 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക തട്ടിപ്പു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഓരോ സാമ്പത്തിക തട്ടിപ്പ് കേസിന്റെയും ക്രൈം നമ്പറും, പോലീസ് സ്റ്റേഷൻ പരിധിയും, വിശദമാക്കുമോ;

(സി) ഓരോ ക്രൈം നമ്പരുകേസുകളിലും പ്രതികൾ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോ കേസിലും എന്തു തുകയുടെ തട്ടിപ്പാണ് നടന്നതെന്നും സംസ്ഥാനത്ത് ആകെ എത്ര തുകയുടെ തട്ടിപ്പാണ് നടന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>തട്ടിപ്പ് പദ്ധതികളിലൂടെ ചൂഷണം തടയാൻ ബോധവൽക്കരണ പരിപാടികൾ</u>

6189 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ തരത്തിലുള്ള തട്ടിപ്പ് പദ്ധതികളിലൂടെ ജനങ്ങൾ ചൂഷണം ചെയ്യപ്പെടുന്നത് തടയാൻ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാകുമോ;

(ബി) ജനങ്ങൾ തട്ടിപ്പ് പദ്ധതികളിൽ ആകർഷിക്കപ്പെടാനും വിശ്വാസ്യത ഉറപ്പാക്കാനും ഔദ്യോഗിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഔദ്യോഗിക സംവിധാനങ്ങൾക്ക് ഇത്തരക്കാരുമായുള്ള ബന്ധം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഔദ്യോഗിക സംവിധാനങ്ങളും ഔദ്യോഗിക സ്ഥാനങ്ങളും ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ എന്ത് മുൻകരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പിന് ഇരയായവർ</u>

6190 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകാരുടെ ഇരകളായി പോലീസിന് പരാതി സമർപ്പിച്ചവർ ആരൊക്കെയാണ്; അവരുടെ പേര്, മേൽവിലാസം, നഷ്ടപ്പെട്ടതായി പരാതിപ്പെട്ട തുക, ഇവ വിശദമാക്കാമോ;

(ബി) തട്ടിപ്പുകാർ മുഖ്യമന്ത്രിയുടെ പേര് ഉപയോഗിച്ചതായി എത്ര പരാതികളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്;

(സി) സോളാർ തട്ടിപ്പിൽ ഇരയായെങ്കിലും പരാതി ഇതുവരെ സമർപ്പിച്ചിട്ടില്ലാത്തവർ ഉള്ളതായി അന്വേഷണ സംഘത്തിന് ബോധ്യമുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>രശ്മി കൊലക്കേസ്</u>

6191

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസിലെ പ്രതി ബിജുരാധാകൃഷ്ണന്റെ ഭാര്യയായിരുന്ന രശ്മി എന്നാണ് മരണപ്പെട്ടതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏത് ക്രൈം നമ്പരിൽ ഏതു പോലീസ് സ്റ്റേഷൻ ലിമിറ്റിൽ ഏതു തീയതിയിൽ ഏതു വകുപ്പുകൾ പ്രകാരമാണ് ആദ്യം കേസെടുത്തതെന്ന് വെളിപ്പെടുത്താമോ;

(സി) കൊലപാതകവുമായി ബന്ധപ്പെട്ട രാസപരിശോധനാറിപ്പോർട്ട് എന്നാണ് പോലീസ് കൈപ്പറ്റിയതെന്നു വെളിപ്പെടുത്താമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ കേസ് ഏതു തീയതിയിലാണ് ക്രൈംബ്രാഞ്ചിന് വിട്ടതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ കേസുമായി ബന്ധപ്പെട്ട് എന്നാണ് ബിജുരാധാകൃഷ്ണന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്;

(എഫ്) എന്നാണ് ബിജുവിനെ നുണ പരിശോധനയ്ക്ക് വിധേയമാക്കിയത്;

(ജി) ഈ കേസ് ഏതൊക്കെ പോലീസ് ആഫീസർമാരുടെ നേതൃത്വത്തിൽ ഏതൊക്കെ കാലയളവിൽ അന്വേഷിച്ചെന്ന് വെളിപ്പെടുത്താമോ;

(എച്ച്) ഈ കേസിൽ കൊലപാതകക്കുറ്റം ചുമത്തിയത് ഏത് തീയതിയിലാണ്;

(ഐ) ഇതിനുമുമ്പ് 2011 മാർച്ച് 17 ന് കൊലപാതകക്കുറ്റം ചുമത്തണമെന്ന് അന്ന് കേസന്വേഷിച്ച ഡി.വൈ.എസ്.പി., ഫയലിൽ രേഖപ്പെടുത്തിയത് പരിശോധിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ കൊലപാതകക്കുറ്റം ചുമത്തുന്നതിനുണ്ടായ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസിലെ പ്രതികൾക്കെതിരെ ലഭിച്ച തെളിവുകൾ</u>

6192 ശ്രീ. രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
ശ്രീമതി കെ. കെ. ലതിക
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പു കേസ്സിലെ പ്രതികളുമായി മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും പുലർത്തിയതായി ആരോപിക്കപ്പെട്ട ബന്ധത്തിന്റെ തെളിവുകൾ പോലീസ് കണ്ടെത്തി പൂഴ്ത്തിവയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്തതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് അന്വേഷണത്തിൽ ലഭിച്ചിരുന്ന തെളിവുകൾ എന്തെല്ലാമായിരുന്നു; അന്വേഷണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും എന്തെല്ലാം രേഖകൾ പിടിച്ചെടുക്കുകയുണ്ടായി; ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി;

(സി) പ്രതികളുടെ വീടുകളിൽ നിന്നും ഓഫീസുകളിൽ നിന്നും പിടിച്ചെടുത്ത രേഖകൾ എന്തെല്ലാമായിരുന്നു; എന്തെങ്കിലും രേഖ പിന്നീട് നഷ്ടപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സോളാര്‍ തട്ടിപ്പുകേസിലെ പ്രതികള്‍ക്കെതിരെയെടുത്ത കേസുകള്‍</u>

6193 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സോളാര്‍ തട്ടിപ്പുകേസിലെ പ്രതികളായ ബിജു രാധാകൃഷ്ണനും, സരിത എസ്. നായരും 2013 ന് മുമ്പ് ഏത് കാലയളവിലാണ് ജയിലില്‍ കഴിഞ്ഞതെന്ന് വെളിപ്പെടുത്താമോ;

(ബി) 15.7.2010 ന് ശേഷം 17.5.2011 വരെ ഇവര്‍ക്കെതിരെ സംസ്ഥാനത്ത് ഏതൊക്കെ പോലീസ് ലിമിറ്റില്‍ പരാതി ലഭിച്ചെന്നും, ഏതെല്ലാം ക്രൈം നമ്പര്‍ പ്രകാരം കേസെടുത്തെന്നും വിശദമാക്കുമോ;

(സി) ഇവര്‍ക്കെതിരെ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നാളിതുവരെ ഏതെല്ലാം ക്രൈം നമ്പരുകളില്‍ എവിടെയൊക്കെ കേസെടുത്തെന്നു വെളിപ്പെടുത്താമോ;

(ഡി) 15.7.2010 ന് മുമ്പ് ഇവര്‍ക്കെതിരെ ഏതെല്ലാം പോലീസ് ലിമിറ്റില്‍ ഏതെല്ലാം ക്രൈം നമ്പരുകളില്‍ കേസുണ്ടായിരുന്നെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പാനൽ തട്ടിപ്പ് കേസ് പ്രതികൾ ഒളിവിൽ കഴിഞ്ഞ സ്ഥലങ്ങൾ</u>

6194 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പാനൽ തട്ടിപ്പ് കേസിലെ പ്രതി ബിജു രാധാകൃഷ്ണൻ, കൂട്ടാളിയായ സരിത എസ്. നായരുടെ അറസ്റ്റിന് മുൻപും ശേഷവും ഒളിവിൽ കഴിഞ്ഞത് എവിടെയെല്ലാമെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇയാളെ ഒളിവിൽ താമസിക്കാനും വിവിധ ഇടങ്ങളിലേക്ക് രക്ഷപ്പെടാനും സഹായിച്ചവർ ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഇവരെ ചോദ്യം ചെയ്യുകയോ പ്രതിചേർക്കുകയോ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>സൗരോർജ്ജ പാനൽ തട്ടിപ്പുമായി ബന്ധപ്പെട്ട പോലീസുകാർ</u>

6195 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പാനൽ ഇടപാട് സംബന്ധിച്ച് വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലീംരാജ് ഉൾപ്പെടെ എത്ര പോലീസുകാരുടെ പേരിൽ നിലവിൽ അന്വേഷണം നടക്കുന്നു; അവർ ആരെല്ലാം;

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലിരിക്കെ സരിതയ്ക്ക് മൊബൈൽ ഫോൺ കൈമാറിയ പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) കേസ്സിലെ പ്രതികളുടെ ഫോൺ രേഖകൾ ചോർന്നതിൽ പങ്കാളികളെന്നു മുദ്രകുത്തി എത്ര ഉദ്യോഗസ്ഥർക്കെതിരെ ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചു; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ഡി) ബിജു രാധാകൃഷ്ണനെ സ്വന്തം മൊബൈൽ നൽകി കാറിൽ കയറ്റി രക്ഷപ്പെടാൻ സഹായിച്ചതുമായി ബന്ധപ്പെട്ട് സീരിയൽ നടി ശാലു മേനോനെതിരെ പോലീസ് ഏതൊക്കെ വകുപ്പുകൾ പ്രകാരം കേസ്സെടുത്തു; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സൗരോർജ്ജ പാനൽ ഇടപാട് സംബന്ധിച്ച കേസ്സുകളുൾപ്പെടെ മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന സലീംരാജിനെതിരെ നിലവിൽ ഭൂമി തട്ടിപ്പ് ഉൾപ്പെടെ എത്ര കേസ്സുകൾ സർക്കാർ അന്വേഷിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>സൗരോർജ്ജ പാനൽ</u>

6196 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മറൈൻ ഡ്രൈവിലെ സിറ്റി പോലീസ് കമ്മീഷണറുടെ ക്യാമ്പ് ഓഫീസിലും ഹൈക്കോടതിയ്ക്ക് സമീപത്തെ പോലീസ് ഗസ്റ്റ് ഹൗസിലും സൗരോർജ്ജ പാനൽ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഏത് കമ്പനിയാണ് ഈ പാനൽ സ്ഥാപിച്ചത്;

(സി) ഈ കമ്പനി അനർട്ടിന്റെ അംഗീകൃത പാനലിൽ ഉൾപ്പെട്ട കമ്പനിയാണോ;

(ഡി) അല്ലെങ്കിൽ ഈ കമ്പനിയ്ക്ക് പാനൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സ്ഥലങ്ങളിൽ പാനൽ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകം</u>

6197 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ അയ്യന്തോളിൽ കോൺഗ്രസ്സ് പ്രവർത്തകൻ വെട്ടേറ്റ് മരിച്ചത് ഏത് തീയതിയിലായിരുന്നു;

(ബി) ടി. പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടതിനു ശേഷം ഇതുവരെ ഏതെല്ലാം കേന്ദ്ര - സംസ്ഥാന മന്ത്രിമാർ എത്ര തവണ അദ്ദേഹത്തിന്റെ വീട് സന്ദർശിക്കുകയുണ്ടായിട്ടുണ്ട്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും റിപ്പോർട്ട് ചെയ്ത മനുഷ്യക്കടത്ത് കേസുകൾ</u>

6198 ശ്രീ. എസ്. ശർമ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നും എത്ര മനുഷ്യക്കടത്ത് കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുളളത്;

(ബി) ഇതുപ്രകാരം എത്രപേരെ കടത്തിക്കൊണ്ട് പോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം കേസിൽ പ്രതിചേർക്കപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ചുളള വിവരങ്ങൾ പേര്, തസ്തിക എന്നിവ സഹിതം വ്യക്തമാക്കുമോ;

(ഡി) ഇവർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പകൽസമയം നടന്ന ഭവനഭേദന കേസ്സുകൾ</u>

6199 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പകൽ സമയത്ത് നടന്ന എത്ര ഭവനഭേദങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും പ്രതികളെ പിടികൂടാൻ സാധിക്കാത്ത എത്ര ഭവനഭേദനക്കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളിൽ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ള പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ</u>

6200 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2013 മെയ് 31-ാം തീയതി വരെ എത്ര കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സ്ത്രീപീഡന കേസുകൾ റിപ്പോർട്ട് ചെയ്തു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2012 മെയ് മാസം 31-ാം തീയതിവരെ എത്ര മത്സ്യത്തൊഴിലാളികൾ കൊല്ല പ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ; പ്രതികളെ പിടികൂടാൻ കഴിഞ്ഞോ; വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; അതിൽ ഏതെല്ലാം കേസുകൾ ആണ് വിജിലൻസ് അന്വേഷിക്കുന്നത്; ഏതെല്ലാം കേസുകൾ ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നു; ഓരോന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പ്രായപൂർത്തിയാകാത്ത കുട്ടികളെ കാണാതായ കേസ്സുകൾ</u>

6201 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ പ്രായപൂർത്തിയാകാത്ത എത്ര കുട്ടികളെയാണ് കാണാതായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭ്യമായിട്ടുണ്ട് ;

(സി) ഇതിൽ എത്ര പേരെയാണ് പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ബാക്കിയുള്ളവരെ കണ്ടെത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

## വടകര താലൂക്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ലൈംഗികാതിക്രമ കേസുകൾ

6202 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ പോലീസ് സ്റ്റേഷനുകളിൽ 2012 ജനുവരി 1 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ എത്ര ലൈംഗികാതിക്രമകേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കേസിലും സ്വീകരിച്ച നടപടികൾ, പരാതിക്കാരുടെയും പ്രതികളുടെയും പേര് വിവരം, കേസ് നമ്പർ, കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ, ഓരോ കേസിലെയും അന്വേഷണ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും എന്നിവ അടങ്ങിയ പോലീസ് സ്റ്റേഷൻ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

**കൊല്ലം റൂറൽ ജില്ലയിൽ സ്ത്രീകൾക്കും കുട്ടുകൾക്കുമെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ**

6203 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം റൂറൽ ജില്ലയിൽ സത്രീകൾക്കും കുട്ടികൾക്കുമെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ്; പോലീസ് സ്റ്റേഷനുകൾ തിരിച്ച് അവയുടെ എണ്ണം നൽകുമോ;

(ബി) അതിൽ എത്ര കേസുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്; പോലീസ് സ്റ്റേഷൻ തിരിച്ച് എണ്ണം നൽകുമോ;

(സി) രജിസ്റ്റർ ചെയ്ത പ്രസ്തുത കേസുകളിൽ ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള കേസുകളുടെ വിവരം സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**09.07.2013–ലെ മറുപടിക്ക്**

<u>കൊല്ലം ജില്ലയിൽ ജനമൈത്രി പോലീസ് സംവിധാനം</u>

6204 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്നു;

(ബി) ജനമൈത്രി പോലീസ് സംവിധാനം ഉള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലെ അംഗസംഖ്യക്ക് പുറമേ എത്ര പോലീസുകാരെ അധികമായി അനുവദിച്ചിട്ടുണ്ട്;

(സി) ജില്ലയിൽ ജനമൈത്രി സംവിധാനമുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ പട്ടികജാതി വിഭാഗങ്ങള്‍ക്കെതിരെ നടന്ന അതിക്രമങ്ങള്‍</u>

T-6205 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം കാസര്‍ഗോഡ് ജില്ലയില്‍ പട്ടികജാതി വിഭാഗങ്ങള്‍ക്കെതിരെ എത്ര അതിക്രമങ്ങള്‍ നടന്നിട്ടുണ്ടെന്നും ഇതില്‍ എത്ര കേസ്സ് നിലവിലുണ്ടെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് തൊഴിൽ തേടി വരുന്ന ബംഗ്ലാദേശികളുടെ വിവരം</u>

6206 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ തേടി എത്തുന്ന മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്കിടയിൽ പതിനായിരക്കണക്കിന് ബംഗ്ലാദേശി പൗരൻമാർ ഉണ്ടെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ വരവ് തടയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇവരുടെ പൂർണ്ണ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ തൊഴിൽ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

**<u>പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>**

6207 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടം ഉൾപ്പെടെയുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത എത്ര പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വാടകക്കെട്ടിടങ്ങളിൽ എവിടെയെങ്കിലും പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള പോലിസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>ചെട്ടികുളങ്ങര ക്ഷേത്രത്തോട് ചേർന്ന് പോലീസ് എയ്ഡ് പോസ്റ്റ്</u>

6208 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ക്ഷേത്രത്തോട് ചേർന്ന് ഒരു സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കല്ലമ്പലം പോലീസ് സ്റ്റേഷൻ കെട്ടിടം ഉദ്ഘാടനം</u>

6209 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയായിട്ടും കല്ലമ്പലം പോലീസ് സ്റ്റേഷൻ കെട്ടിടം ഉദ്ഘാടനം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പോലീസ് കംപ്ലയിന്റ് അതോറിറ്റി</u>

6210 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി പാലക്കാട് ജില്ലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) 2013 വർഷത്തിൽ ഇതുവരെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; എത്ര എണ്ണത്തിൽ അന്വേഷണം നടത്തി തീർപ്പാക്കിയിട്ടുണ്ട് ;

(സി) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ നൽകിയിട്ടുണ്ടോ ;

(ഡി) ആലത്തൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ പോലീസ് പരാതി അതോറിറ്റി</u>

6211

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പോലിസ് പരാതി അതോറിറ്റി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഘടന എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ക്രൈം റെക്കോഡ്സ് ബ്യൂറോ ആസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള സെൻട്രലൈസ്ഡ് എ. സി. സംവിധാനം</u>

6212 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പട്ടത്തെ സ്റ്റേറ്റ് ക്രൈം റെക്കോഡ്സ് ബ്യൂറോ ആസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള സെൻട്രലൈസ്ഡ് എ. സി. സംവിധാനം ഇപ്പോൾ പ്രവർത്തനക്ഷമമാണോ;

(ബി) അല്ലെങ്കിൽ ആയതിനു കാരണമെന്താണ്;

(സി) എത്ര ജീവനക്കാരെ പ്രസ്തുത സംവിധാനം പരിപാലിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്; അവരുടെ പേര്, തസ്തിക, മദർ യൂണിറ്റ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം ഇപ്പോൾ പ്രവർത്തനക്ഷമമല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി</u>

6213 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് അമ്പലപ്പുഴ ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുളളത്;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് പുതുതായി തെരഞ്ഞെടുത്തിട്ടുളളത്;

(സി) അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ ഹൈസ്കൂളുകളേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം</u>

6214 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം പ്രവർത്തിച്ചുവരുന്നു;

(ബി) തിരഞ്ഞെടുക്കപ്പെട്ട കേഡറ്റുകൾക്ക് ഉപരിപഠനാർത്ഥം അധിക ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽപ്പെട്ട പുത്തൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എസ്.പി.സി സമ്പ്രദായം അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

**പോലീസ് വകുപ്പിലെ സ്ഥലംമാറ്റങ്ങളിൽ അസോസിയേഷനുകളുടെ ഇടപെടൽ**

6215 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ സ്ഥലംമാറ്റങ്ങളിൽ കേരളാ പോലീസ് അസോസിയേഷനും കേരളാ പോലീസ് ഓഫീസേഴ്സ് അസോസിയേഷനും ഇടപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു തടയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കേരളാ പോലീസ് അസോസിയേഷന്റെ പത്രസമ്മേളനങ്ങൾ</u>

6216 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളാ പോലീസ് അസോസിയേഷൻ ഭാരവാഹികൾ പത്രസമ്മേളനം നടത്തുന്നതിനായി 2013-ൽ വകുപ്പു മേധാവിയിൽ നിന്നും എത്ര തവണ അനുമതി വാങ്ങിയിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>നഗര അഗ്നിസുരക്ഷാ പദ്ധതി</u>

6217 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'നഗര അഗ്നി സുരക്ഷാപദ്ധതി' യുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്</u>

6218 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ വിംഗിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വകുപ്പുമായി ചേർന്നാണ് ഈ വിംഗ് പ്രവർത്തിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

ബഹുനില മന്ദിരങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾ

6219 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' സി. മോയിൻകുട്ടി
'' എം. ഉമ്മർ
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില മന്ദിരങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ആവശ്യമായി വരുന്ന സുരക്ഷാ സംവിധാനങ്ങൾ അഗ്നിശമനരക്ഷാ വിഭാഗം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) തീപിടിത്തമോ, പ്രകൃതി ക്ഷോഭമോ, കാലപ്പഴക്കമോ മൂലം ഇത്തരം കെട്ടിടങ്ങൾക്കുണ്ടാകുന്ന സുരക്ഷാ ഭീഷണി നേരിടാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പത്തിലേറെ നിലകളുള്ള കെട്ടിടങ്ങൾ ഗ്രാമീണ മേഖലയിൽപ്പോലും നിർമ്മിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്പോഴുള്ള മുൻകരുതലുകൾ അപര്യാപ്തമാണെന്നതു പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ നവീകരണം</u>

6220 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾക്ക് കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിൽ എത്തി നിൽക്കുന്നു; എങ്കിൽ കെട്ടിടങ്ങളുടെ നിർമ്മാണത്തിനു പ്രാമുഖ്യം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പരിമിതമായ കെട്ടിട സൗകര്യങ്ങളുള്ള ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ നവീകരണത്തിന് നടപ്പുസാമ്പത്തിക വർഷം ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര, കടയ്ക്കൽ ഫയർ സ്റ്റേഷനുകളുടെ അപര്യാപ്തതകൾ</u>

6221 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊട്ടാരക്കര താലൂക്കിലെ കൊട്ടാരക്കര, കടയ്ക്കൽ ഫയർ സ്റ്റേഷനുകളുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

ഫയർഫോഴ്സിന്റെ രക്ഷാ ഉപകരണങ്ങൾ

6222

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്നിശമന സേനയിൽ നിലവിൽ ഓരോ തസ്തികയിലുമുള്ള ജീവനക്കാരുടെ ഒഴിവ് എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഫയർ ഫോഴ്സിന് മഴക്കെടുതികളിൽ രക്ഷയ്ക്കെത്തുന്നതിനായി എന്തെല്ലാം ഉപകരണങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഫയർഫോഴ്സിന്റെ ജില്ലാതല യൂണിറ്റുകളിലോരോന്നിലും ഇത്തരത്തിൽ ലഭ്യമായിട്ടുള്ള രക്ഷാഉപകരണങ്ങളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>കേരളാ പോലീസ് അസോസിയേഷൻ- കൊല്ലം സമ്മേളനത്തിലെ ക്രമക്കേടുകൾ</u>

6223 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് അസോസിയേഷന്റെ കൊല്ലത്തു നടന്ന 30-ാം സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ചും സ്മരണിക പുറത്തിറക്കിയതുമായി ബന്ധപ്പെട്ട ചട്ടലംഘനങ്ങളെ കുറിച്ചും അന്വേഷിക്കണമെന്നാവശ്യപ്പെട്ടു ആൾ ഇന്ത്യാ ലോയേഴ്സ് യൂണിയൻ 2013 ജൂൺ മാസത്തിൽ സ്റ്റേറ്റ് പോലീസ് ചീഫിനു നൽകിയ പരാതിയിൻമേൽ നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

വിവിധ വകുപ്പുകളിലെ അഴിമതി തടയുന്നതിന് നടപടി

6224

ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലെ അഴിമതി തടയുന്നതിന് എന്തെല്ലാം മാര്‍ഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നല്‍കുമോ;

(ബി) ഈ സര്‍ക്കാരിന്റെ കാലത്ത് അഴിമതിക്കേസുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വകുപ്പ് തിരിച്ചുളള കണക്കുകള്‍ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>വിജിലൻസിനു ലഭിക്കുന്ന ഊമക്കത്തുകൾ</u>

6225 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസിനു ലഭിക്കുന്ന ഊമക്കത്തുകളെ സംബന്ധിച്ച് ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ മുൻകാലങ്ങളിൽ ഊമക്കത്തിന്റെ പേരിൽ നടത്തിവരുന്ന അന്വേഷണങ്ങൾ റദ്ദാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഇത്തരം ഊമക്കത്തുകളുടെ പേരിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നത്;വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

ജയിൽ അന്തേവാസികളുടെ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി

6226 ശ്രീ. സണ്ണി ജോസഫ്
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിൽ അന്തേവാസികളുടെ വിഭവശേഷി കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) അന്തേവാസികൾക്ക് എന്തെല്ലാം തൊഴിൽ സാദ്ധ്യതകൾക്കുള്ള മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

ജയിലുകളിൽ പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് പദ്ധതി

6227 ശ്രീ. എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകളിൽ പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) പരിസ്ഥിതിക്ക് അനുകൂലമായ രീതിയിൽ പ്ലാസ്റ്റിക്കിനെ നിർമ്മാണസാമഗ്രികളാക്കാൻ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>വനിതാ ജയിലുകളിലെ തടവുകാർ</u>

6228 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതാ ജയിലുകളിൽ എത്ര തടവുകാരുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇതിൽ അന്യസംസ്ഥാന തടവുകാരും വിദേശ വനിതകളുമുണ്ടോ; വിശദവിവരങ്ങളും കണക്കും ലഭ്യമാക്കുമോ;

(സി) സ്ത്രീ തടവുകാരുടെ കുഞ്ഞുങ്ങൾ ഇവരോടൊപ്പം ജയിലുകളിൽ പാർക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്ത്രീ തടവുകാരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

## <u>ജയിലിലെ പോരായ്മകൾ</u>

6229 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിൽ സന്ദർശനം നടത്തിയ ജില്ലാ സെഷൻസ് ജഡ്ജി ശ്രീ. സി. സുധീന്ദ്രകുമാർ ഹൈക്കോടതിയ്ക്ക് നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിപ്പോർട്ടിൽ ജയിലിലെ എന്തെല്ലാം പോരായ്മകളാണ് പരാമർശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന വിഷയങ്ങളിൽ ജയിലധികൃതരുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും തടവുചാടിയവർ

6230 ശ്രീ. പി. ടി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്നും നാളിതു വരെ തടവുചാടിയവർ ആരൊക്കെയാണ്;

(ബി) ഇവരിൽ എത്ര പേരെ പിടികൂടിയിട്ടുണ്ട്;

(സി) ജയിൽ ചാടിയ ശേഷം ഇവർക്ക് സംരക്ഷണവും ഭക്ഷണവും നൽകി സഹകരിച്ച എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

പൂജപ്പുര സെൻട്രൽ ജയിലിലെ സുരക്ഷാ സംവിധാനം

6231 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൂജപ്പുര സെൻട്രൽ ജയിലിലെ അതിസുരക്ഷാ ബ്ലോക്കിൽ നിന്നും കൊടും കുറ്റവാളി ജയാനന്ദനും കൂട്ടാളിയും ചാടിപ്പോയതിനുശേഷം സെൻട്രൽ ജയിലിലെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

പൂജപ്പുര സെൻട്രൽ ജയിലിൽ ഇറച്ചി കോഴി വാങ്ങിയതിൽ നടന്ന ക്രമക്കേട്

6232 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിൽ ചപ്പാത്തി നിർമ്മാണ യൂണിറ്റിന് കോഴി വാങ്ങിയതുമായി ബന്ധപ്പെട്ട് വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണ് കുറ്റക്കാരെന്ന് വ്യക്തമായിട്ടുണ്ടോ; ഇവർക്കെതിരെ സസ്പെൻഷനോ മറ്റെന്തെങ്കിലും നടപടികളോ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിജിലൻസ് അന്വേഷണത്തിനോ മറ്റേതെങ്കിലും തുടരന്വേഷണത്തിനോ ശുപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?